(Pages : 4) **P – 2360**

Reg. No. : .............................

Name : ..................................

**Fifth Semester B.A. Degree Examination, December 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course IX**

**ML 1544 : ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം**

**(2018 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. എന്താണ് ജീവചരിത്രം ?

2. പി. കുഞ്ഞനന്തൻ നായരെ തിക്കോടിയനാക്കിയത്.

3. മദ്ധ്യതിരുവിതാംകൂറിലെ ആദ്യമരം കയറ്റത്തൊഴിലാളി സംഘം സ്ഥാപിച്ചത്.

4. ചങ്ങമ്പുഴയുടെ 'സ്പന്ദിക്കുന്ന അസ്ഥിമാടം' ആദ്യമായി അച്ചടിച്ചത് ഏതു മാസികയിൽ?

5. 'വിലയ്ക്കു വാങ്ങാം' എന്ന പേരിൽ ബിമൽമിത്രയുടെ നോവൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്.

6. 'ഉരുണ്ട പാറക്കല്ലുകളെ തള്ളിയിട്ടുകൊണ്ട് കുതിച്ചു പായുന്ന കാട്ടരുവിയെ' ഓർമ്മിപ്പിച്ച സംഭവം.

7. കമ്പനി വരുന്നെന്ന് കേട്ടപ്പോൾ മയിലമ്മയുടെ ആദ്യപ്രതികരണം എന്തായിരുന്നു?

P.T.O.

8. 'ആമസോണും കുറേ വ്യാകുലതകളും' എന്ന കൃതിയെ പ്രശംസിച്ചുകൊണ്ട് 'കാനനലയം മാനവലയം' എന്ന പേരിൽ ലേഖനമെഴുതിയത്?

9. ഇന്ത്യയിലെ പ്രഗത്ഭരായവർ മാത്രം പയറ്റിത്തെളിഞ്ഞ വേദിയാണതെന്ന് തിക്കോടിയൻ വിശേഷിപ്പിക്കുന്നത് എന്തിനെ?

10. 'ഉലക്കഭടൻ' എന്ന പേരിൽ തൂലികാനാമം സ്വീകരിച്ച് സർക്കാർ വിമർശനം നടത്തിയ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകൻ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. എന്താണ് ശനിയൻസഭ?

12. 'തനിമ നഷ്ടപ്പെടുന്നത് ഒരു ജനതയെ സംബന്ധിച്ചിടത്തോളം മഹാദുരന്തം തന്നെ' - ഇപ്രകാരം വീരേന്ദ്രകുമാർ പറയാനുള്ള കാരണം.

13. 'സിനിരമ' സിനിമ മാസികയുടെ പ്രസക്തി വിവരിക്കുക.

14. കോളക്കമ്പനി സൃഷ്ടിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ വിവരിക്കുക.

15. 'ഭാരതത്തൊഴിലാളി' കയ്യെഴുത്തു മാസികയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

16. കൊച്ചിക്കച്ചാന്നാരുടെ വൈക്കം ക്ഷേത്രസമരമുഖത്തേക്കുള്ള പുറപ്പാട് വിവരിക്കുക.

17. അയിത്തം വിദ്യുച്ഛക്തിപോലെ തൊട്ടാൽ അള്ളിപ്പിടിക്കുന്ന ഒന്നായിരുന്നുവെന്ന് തിക്കോടിയൻ പരാമർശിക്കുന്നതിനു പിന്നിലെ സംഭവമെന്ത് ?

18. 'കരടി മാതേവനെ മണത്തപ്പോൾ ശ്വാസമടക്കിപ്പിടിച്ചു കിടന്നതുപോലെയാണ് ഞാൻ വണ്ടിയിലിരുന്നത്' - റോസി തോമസ് പരാമർശിക്കുന്നതെന്ത് ?

19. 'അതു മനസ്സിലായപ്പോൾ നെഞ്ചിൽ കൂടിനകത്തുനിന്ന് ഇളംചൂടുള്ള, കുരുവിക്കുഞ്ഞിനെപ്പോലൊരു വസ്തു മൂർദ്ധാവ് പിളർന്ന് മുകളിലോട്ടു പോയി' - സന്ദർഭം സൂചിപ്പിക്കുക.

20. ബാലഗോപാലം നാടകത്തിന്റെ പ്രസക്തിയെന്ത് ?

21. ലാറ്റിനമേരിക്കയിൽ മാദ്ധ്യമപ്രവർത്തകർ നേരിടുന്ന പ്രതിസന്ധി വിവരിക്കുക.

22. 'കപിതു' എന്ന അനശ്വര കഥാപാത്രത്തെ സൃഷ്ടിച്ച ബ്രസീൽ സാഹിത്യകാരനെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

23. ലഘു കുറിപ്പെഴുതുക - 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'.

24. 'വത്സലച്ചേച്ചിയോടു ചോദിക്കാം' എന്ന പംക്തിയുളവാക്കിയ തമാശകൾ വിവരിക്കുക.

25. സി.ജെ. തോമസ്സിനെ ആദ്യമായി കണ്ട ദൃശ്യം റോസി തോമസ് അവതരിപ്പിക്കുന്നതെങ്ങനെ ?

26. ലഘുകുറിപ്പ് തയ്യാറാക്കുക. പെദ്രോപരാമോ.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. കൊച്ചീക്കച്ചാന്നാരുടെ രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങൾ വിവരിക്കുക,.

28. നാടകാഭിനയത്തെ സംബന്ധിച്ച കാമ്പിശ്ശേരിയുടെ കാഴ്ചപ്പാടുകൾ വിശദമാക്കുക.

29. വിദ്യാഭ്യാസമേഖലയിലെ എയിഡഡ് സമ്പ്രദായം ഒരു ഇന്ദ്രജാലക്കളിപോലെയായിരുന്നുവെന്ന് തിക്കോടിയൻ എഴുതാൻ കാരണമെന്ത്?

30. നിസാർ നയൂഫ് എന്ന മാദ്ധ്യമപ്രവർത്തകനെക്കുറിച്ച് വിവരിക്കുക.

31. സ്വന്തം വിവാഹജീവിതത്തെ സംബന്ധിച്ച് മയിലമ്മ പറയുന്ന കാര്യങ്ങളെന്തൊക്കെ?

32. തെയ്യന്റെ കുടിയിലെ 'കൂളികെട്ട് ' അനാചാര ദുരീകരണത്തിന് എപ്രകാരമാണ് കെ. കേളപ്പനും മറ്റും ഉപയോഗപ്പെടുത്തിയത്?

33. ബ്രസീലിയൻ നോവലിസ്റ്റ് ജോർജ്ജ് അമോദോയെ പരിചയപ്പെടുത്തുക.

34. ശക്തിപ്രസ്ഥാനത്തിന്റെ പ്രാധാന്യവും തിക്കോടിയിൽ അതിന്റെ വളർച്ചയും വിവരിക്കുക.

35. വിമോചനസമരകാലഘട്ടത്തിലെ സി.ജെ. തോമസിന്റെ നിലപാടുകൾ വിശകലനം ചെയ്യുക.

36. രാവുണ്ണികുരിക്കളുടെ അനുഭവങ്ങൾ പഴയ വിദ്യാഭ്യാസരീതിയുടെ ഏകദേശസ്വഭാവം വരച്ചുകാട്ടുന്നു. കുരിക്കളുടെ അനുഭവങ്ങൾ വിവരിക്കുക.

37. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ സി.ജെ. തോമസിന്റെ സംഭാവനകളെന്തൊക്കെ?

38. ആമസോണുകൾ എന്ന ഗോത്രവർഗ്ഗത്തിന്റെ ജീവിതരീതികൾ വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. മനുഷ്യസ്നേഹവും പ്രൊഫഷണലിസവും ഉൾച്ചേർത്തു കൊണ്ടുള്ള കാമ്പിശ്ശേരിയുടെ പത്രപ്രവർത്തനം ആത്മാർപ്പണത്തിന്റെ അരങ്ങാണ് - വിശകലനം ചെയ്യുക.

40. മലബാറിൽ നാടകവേദിക്കുണ്ടായ വളർച്ചയും വികാസവും തിക്കോടിയൻ വരച്ചുകാട്ടുന്നതെങ്ങനെ? വിശദമാക്കുക.

41. സ്നേഹബന്ധങ്ങൾക്ക് വലിയ പ്രാധാന്യം നല്കിയ വ്യക്തിയാണ് സി.ജെ. തോമസ്. റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ.'യിൽ സ്നേഹബന്ധത്തിന്റെയും സൗഹൃദത്തിന്റെയും പേരിൽ നിരവധി വിട്ടുവീഴ്ചകൾ ചെയ്യുന്ന സി.ജെ. യെ കാണാം സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി സി.ജെ. യുടെ മാനവികമുഖം അപഗ്രഥിക്കുക.

42. പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കൊകോളോ കമ്പനിക്കെതിരായി മയിലമ്മയുടെ നേതൃത്വത്തിൽ നടന്ന ആദിവാസികളുടെ സമരം പ്രതീകാത്മകമാവുന്നതെന്തുകൊണ്ട്? ആദിവാസികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.

43. മലയാളികളുടെ സാമൂഹികരാഷ്ട്രീയ ജീവിതത്തിൽ കേളപ്പജിയുടെ ഇടപെടലുകൾ വളരെ നിർണ്ണായകമായിരുന്നു - തിക്കോടിയന്റെ അനുഭവങ്ങളെ മുൻനിർത്തി വിവരിക്കുക.

44. സ്വത്വവും തനിമയും പൂർണ്ണമായും അസ്തമിച്ചുകൊണ്ടിരിക്കുന്ന ആദിവാസിസഞ്ചയത്തിന്റെ നേർക്കാഴ്ചകൾ ചിത്രീകരിക്കെ അവിടത്തെ പരിസ്ഥിതിക്കേല്പിക്കുന്ന അഘാതങ്ങൾ വിവരിക്കുന്നതോടൊപ്പം, സാഹിത്യകാരന്മാരുടെ പ്രതികരണവും എം.പി. വീരേന്ദ്രകുമാർ രേഖപ്പെടുത്തുന്നു. സഞ്ചാരസാഹിത്യകൃതിയെന്ന നിലയിൽ ആമസോൺ നേരിടുന്ന പ്രതിസന്ധിയെ വിജയകരമായി ആസ്വാദക സമക്ഷം അവതരിപ്പിക്കാൻ 'ആമസോണും കുറെ വ്യാലകുലതകളും' എന്ന കൃതിക്ക് സാധിച്ചുവോ? വിലയിരുത്തുക.

**(2 × 15 = 30 Marks)**

---